ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറി സിറ്റിയെ സംബന്ധിച്ചുള്ള പരിശീലനം തിരുവിതാംകൂർ യൂണിവേഴ്സിറ്റിയിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നാണ് എന്റെ അറിവ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇതുകൂടി ഫിഷറി ഇൻസ്പെക്ടർമാരുടെ ആവശ്യമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അതിൽ റവന്യൂ കളക്ട് ചെയ്യുന്നതിനു ഇൻസ്പെക്ടർമാരുണ്ട്. വെൽഫയർ വർക്സിനു ഇൻസ്പെക്ടർമാരുണ്ട്. നൂൽ വിതരണത്തിനു ഇൻസ്പക്ടർമാരുണ്ട്. ഇങ്ങനെ പല കാര്യങ്ങളും ഇൻസ്പെക്ടർമാർ നടത്തേണ്ടതായിട്ടുണ്ട്.

ഫിഷറീസ് കാൺഫറൻസ് പ്രതിനിധികൾ

*൧൮൦൭ (൧൮) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസിൽ വച്ചു നടത്തപ്പെട്ട ഇൻഡോ പസഫിക്ക് ഫിഷറീസ് കാൺഫറൻസിലേയ്ക്ക് നമ്മുടെ ഗവർമ്മെൻറിന്റെ പ്രതിനിധിയായി ഡിപ്പാർട്ട്മെൻറ് നിർദ്ദേശിച്ചതാരെയാണ്;

(ബി) ആരെയാണ് അയച്ചത്;

(സി) ഇൻഡോനീഷ്യൻ ഫിഷറീസ് കൺവെൻഷനിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിക്കാൻ ആരെയാണ് ഡിപ്പാർട്ടുമെൻറിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളത്?

വിദ്യാഭ്യാസവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. പി. എം. ഗോകുലപാലമേനോൻ, ഇസ്പെക്ടർ ഓഫ് ഫിഷറീസ്.

(ബി) ശ്രീ. കെ. ഗോപിനാഥപിള്ള: അക്കിംഗ് മറയിൻ ബയോളജിസ്റ്റ്.

(സി) ഇപ്പോൾ പറയുന്നതു ഉചിതമായിരിക്കയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഒരാളെ നിർദ്ദേശിക്കുവാനും വേറൊരാളെ അയയ്ക്കുവാനും കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ഗോകുലപാലമേനോനെഫിഷറി സൂപ്രണ്ട് റക്കമൻറുചെയ്തു അയച്ചതാണ്. അദ്ദേഹത്തിന്റെ റക്കമൻറേഷൻ സൂപ്രണ്ട് റക്കമൻറുചെയ്തു അയച്ചതാണ്. അദ്ദേഹത്തിന്റെ റക്കമൻറേഷൻ വരുന്നതിനുമുമ്പ് അതു യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നതിനാൽ അവിടെനിന്നു ഒരാളെ അയയ്ക്കുകയാണ് ചെയ്തത്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ആ പ്രതിനിധി ഗവർമ്മെൻറിലേയ്ക്ക് ആ കാൺഫറൻസിൽ നടന്ന കാര്യങ്ങളെക്കുറിച്ചു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ പ്രധാനകാര്യങ്ങൾ എന്തെല്ലാമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പല കാര്യങ്ങളുമുണ്ട്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിലെ എല്ലാ കാര്യങ്ങളും പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറിയെ സംബന്ധിച്ചുള്ള പരീക്ഷായോഗ്യത എത്ര യൂണിവേഴ്സിറ്റിയിൽ നിന്നാണ് കിട്ടുന്നതെന്ന അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചുപറയാം.

ഞാറയ്ക്കൽ ഫിഷ്ഫാം

*ക്വ. ൦൨. (ക്രമ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ ഫിഷ് ഫാമിൽനിന്നും ക്രൻ ൫൦-ൽ ഉണ്ടായിട്ടുള്ള വരവ് എന്താണ്;

(ബി) അതിന്റെ നടത്തിപ്പിലേയ്ക്കു ആ ആണ്ടിൽ ചെലവായ തുക എത്ര?

വിദ്യാഭ്യാസവും, ക്ഷേത്രവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ൭൩, ൪൫ രൂപ. ന്യൂ. ന്യൂപൈസ.

(ബി) ൨൯൩ രൂപ. ക്രൗ. ൨൫പൈസ.

ശ്രീ. എം. ഐ. പാഠം: ഞാറയ്ക്കലെ ഫിഷ്ഫാം എക്സ്റ്റൻഡ് ചെയ്യുവാൻ ഗവർമ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാമ്പത്തികവർഷത്തിൽ അതിനു ഒരു സ്കീം ഉണ്ട്.

ശ്രീ. ആർ. ശങ്കർ: ഈ ചെലവിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണനിക്കർ: എത്ര ഫിഷ് ഫാം ഉണ്ട് ?

ശ്രീ. ടി. കെ. നാരായണപിള്ള: കന്യാകുമാരിയിലുണ്ട്, ഞാറയ്ക്കൽ ഉണ്ട്. ഞാറയ്ക്കൽ ഉള്ളതാണ് പ്രധാനപ്പെട്ട ഫിഷ്ഫാം.

Sri. P. S. Nataraja Pillai: May I know whether fish farm and fish curing farm are the same?

ശ്രീ. ടി. കെ. നാരായണപിള്ള: അതുരണ്ടും രണ്ടാണ്.

ശ്രീ. എം. ഐ. പാഠം: ഞാറയ്ക്കലെ ഫിഷ് ഫാം സമീപകാലത്തു ഡവലപ്പുചെയ്തുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ തുക വരികയില്ല.

ശ്രീ. എം. ഐ പാഠം: എത്രമാസം വേണ്ടിവരും?

ശ്രീ. ടി. കെ. നാരായണപിള്ള: അധികമാസം വേണ്ടിവരികയില്ല.

ശ്രീ. എ. താണുപിള്ള: ഏഴായിരത്തിൽ ചിലപ്പോൾ ഉറപ്പിക വരവ് എന്നു പറഞ്ഞതു ചെലവുകഴിച്ചിട്ടുള്ള വരവാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. ആകെയുള്ള വരവും ചെലവുമാണ് പറഞ്ഞതു്. ചെലവുകഴിച്ചു ബാക്കി നാലായിരത്തിൽ ചിലപ്പോൾ ഉറപ്പിക ലാഭമുണ്ട്.

ശ്രീ. സി. സി. പ്രസാദ്: ഗവർമ്മെന്റ് നേരിട്ടു മത്സ്യം പിടിക്കുന്നതിനു വേണ്ടിവന്ന തുകയാണോ ഇവിടെ പറഞ്ഞതു്?

LIBRARY ARCHIVES Kerala Legislative Assembly